## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5875** 04.07.2019-ൽ മറുപടിക്ക്

**സി.ആന്റ്എ.ജി. റിപ്പോർട്ടിലെ പരാമർശങ്ങൾ**

| **ചോദ്യം**<br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | **മറുപടി**<br>**ശ്രീ. ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|
| (എ) സി.ആന്റ്എ.ജി.യുടെ 2017-18 ലെ റിപ്പോർട്ടിലെ പൊതുമരാമത്ത് വകുപ്പിനെ സംബന്ധിച്ച പ്രസക്തമായ പരാമർശങ്ങൾ പരിശോധിച്ചിട്ടുണ്ടോ;<br>(ബി) സി.ആന്റ്എ.ജി. റിപ്പോർട്ട് പുറത്തുവരുന്നതിനുമുൻപ് പ്രസ്തുത പരാമർശങ്ങൾ സംബന്ധിച്ച് എ.ജി.(കേരള) പൊതുമരാമത്ത് വകുപ്പിനെ അറിയിച്ചിരുന്നോ; വ്യക്തമാക്കുമോ;<br>(സി) ഇതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് എ.ജി. (കേരള)-യ്ക്ക് മറുപടി നൽകിയിരുന്നോ; വ്യക്തമാക്കുമോ; | (എ) യും (ബി) യും (സി) യും: സി.ആന്റ്എ.ജി.യുടെ 2018 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകൾ പൊതുമരാമത്ത് വകുപ്പിൽ ലഭ്യമായിട്ടില്ല. എന്നാൽ പ്രസ്തുത റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തുന്നതിനായുള്ള കരട് ഓഡിറ്റ് ഖണ്ഡികകൾ വകുപ്പിൽ ലഭ്യമായിട്ടുണ്ട്. ഇവ പരിശോധിക്കുകയും ചില ഖണ്ഡികകൾക്ക് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ഖണ്ഡികകൾ പരിശോധിച്ചുവരുന്നു. |
| (ഡി) സി.ആന്റ് എ.ജി. റിപ്പോർട്ടിലെ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയത്തിൽ വകുപ്പ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (ഡി) സി.ആന്റ്എ.ജി-യുടെ 2018 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് വകുപ്പിൽ ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത റിപ്പോർട്ടിൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഉൾപ്പെടുന്നുണ്ടെങ്കിൽ അവ പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ